വായ്പ ലഭിക്കത്തക്കവിധം അപേക്ഷ ഹെഡ്ഡാഫീസിൽ ലഭിക്കുന്ന തീയതി സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിച്ചത്.

(സി) അപേക്ഷയുടെ ബാഹുല്യം കാരണം സീനിയോറിറ്റിക്ക് . ഒരു മാനദണ്ഡം സ്വീകരിക്കുന്നതിനാണ് ഈ തീരുമാനം.

(ഡി) ഇല്ല. മാത്രമല്ല പൂർണ്ണമായ അപേക്ഷകൾ ഓഫീസ് മേധാവിക്ക് സമർപ്പിച്ചാൽ ഉടൻതന്നെ വകുപ്പ് തലവൻമാരുടെ ഓഫീസിൽ എത്തിക്കാൻ സാധിക്കും.

(ഇ) ഇല്ല. വിദൂര ജില്ലകളിൽപ്പെട്ടവർക്ക് മുൻകൂട്ടി അപേക്ഷകൾ തയ്യാറാക്കി നൽകുവാൻ മതിയായ അവസരമുണ്ട്.

(എഫ്)ഇപ്പോൾ പരിഗണനയിലില്ല. അപേക്ഷകരുടെ എണ്ണവും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്താണ് ഓരോ വർഷവും മാനദണ്ഡം നിശ്ചയിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട്

15 ([T]1838) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി ഒരു ഫണ്ട് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലയിലാണ് ഈ ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസേചനം, റോഡ്. വൈദ്യുതി, കുടിവെള്ള വിതരണം, ഉൾനാടൻ ജലഗതാഗതം, തുറമുഖം, ചവറ് സംസ്ക്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

പൊതുഭരണ വകുപ്പിനുള്ള ഭവന നിർമ്മാണ വായ്പ

16 (1839) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ സെക്രട്ടേറിയറ്റ് (പൊതുഭരണ) വകുപ്പിന് ഭവനനിർമ്മാണ വായ്പ അനുവദിക്കുന്നതിനായിട്ടുള്ള ബഡ്ജറ്റ് വിഹിതം എത്ര;

(ബി) ഭവന നിർമ്മാണ വായ്പ തുകയുടെ വർദ്ധനവിനനുസരിച്ച് ബഡ്ജറ്റിൽ വേണ്ടത്ര തുക വകയിരുത്താതിരിക്കുന്നതുകൊണ്ട് പൊതുഭരണ വകുപ്പിലെ വളരെ കുറച്ച് അപേക്ഷകർക്ക് മാത്രമേ വായ്പ ലഭിക്കുകയുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

[T] മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

1137/2010.

LIBRARY ARCHIVES Kerala Legislative Assembly